മുദ്രകൾ

# എണ്ണച്ചോർച്ചക്ക് പിന്നിൽ ആർത്തി മൂത്ത ബഹുരാഷ്ട്ര കമ്പനികൾ

**ലൂസിയാന** കടൽതീരത്ത്നിന്ന് എൺപത് കി.മീറ്റർ തെക്ക് മെക്സിക്കൻ ഉൾക്കടലിൽ എണ്ണ ഖനനത്തിനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി. എണ്ണഖനന സാമഗ്രികൾ ട്രാൻസോഷൻ കമ്പനിയുടേതാണ്. ബ്രിട്ടീഷ് പെട്രോളിയം എന്ന കമ്പനിയാണ് അത് പാട്ടത്തിനെടുത്ത് ഖനനം നടത്തുന്നത്. വളരെ അപകടം പിടിച്ച ഖനനം. ആഴക്കടലിൽ 35,000 അടി താഴ്ചയിലാണ് ഡ്രില്ലിംഗ്. 2010 ഏപ്രിൽ 20. സമുദ്രോപരിതലത്തിൽ ഡ്രില്ലിംഗ് ഉപകരണങ്ങൾ സ്ഥാപിച്ച പ്ലാറ്റ്ഫോമിൽ ഉഗ്രൻ പൊട്ടിത്തെറി. പിന്നെ തീപിടിത്തം. പതിനൊന്ന് തൊഴിലാളികൾ മരിച്ചു. നിരവധി പേർക്ക് പരിക്ക്. യന്ത്രസാമഗ്രികൾ ആഴക്കടലിലേക്ക് താണു.



പൊട്ടിത്തെറിയുടെ അനന്തരഫലം പിന്നെയാണ് ലോകം തിരിച്ചറിഞ്ഞത്. എണ്ണ സമുദ്രോപരിതലത്തിലെത്തിക്കാൻ വലിയ പൈപ്പുകൾ സ്ഥാപിച്ചിരുന്നു. സ്ഫോടനത്തിന്റെ ശക്തിയിൽ ആ പൈപ്പുകൾ പലേടത്തും തകർന്നു. ആ വിടവുകളിലൂടെ അസംസ്കൃത എണ്ണ മെക്സിക്കൻ ഉൾക്കടലിലേക്ക് കുതിച്ചുയർന്നു. ഇങ്ങനെ ദിവസംപ്രതി എഴുപതിനായിരത്തിനും ഒരു ലക്ഷത്തിനുമിടക്ക് ബാരൽ എണ്ണ സമുദ്രത്തിൽ കലരുന്നുണ്ടത്രെ. ബ്രിട്ടീഷ് പെട്രോളിയം കമ്പനി പതിനെട്ടടവുകൾ പുറത്തെടുത്തിട്ടും എണ്ണച്ചോർച്ച ഇതുവരെ തടയാൻ കഴിഞ്ഞിട്ടില്ല. ഡ്രിൽ ചെയ്ത കുഴിയിലേക്ക് ടൺ കണക്കിന് മണ്ണ് അടിച്ചുകയറ്റി അടക്കാൻ നോക്കിയെങ്കിലും എല്ലാം വിഫലം. ഇനി ഒറ്റ വഴിയേയുള്ളൂ. സമാന്തരമായി മറ്റൊരു കുഴി ഡ്രിൽ ചെയ്ത് ആദ്യത്തേതിൽ രൂപപ്പെടുന്ന സമ്മർദം കുറക്കുക. അതിന് ആഗസ്റ്റ് വരെയെങ്കിലും കാത്തിരിക്കുകയല്ലാതെ നിർവാഹമില്ല. അതുവരെ ലക്ഷക്കണക്കിന് ബാരൽ അസംസ്കൃത എണ്ണ മെക്സിക്കൻ സമുദ്രത്തിൽ കലർന്നുകൊണ്ടേയിരിക്കും. അമേരിക്കൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ എണ്ണപാരിസ്ഥിതിക ദുരന്തമായി ഇത് മാറിക്കഴിഞ്ഞു.

എണ്ണ മുതലാളിമാരുടെ ആർത്തിയൊന്നു മാത്രമാണ് ഈ പാരിസ്ഥിതിക ദുരന്തത്തിന് വഴിവെച്ചത്. ബ്രിട്ടീഷ് പെട്രോളിയം, ഹാലിബർട്ടൺ, ട്രാൻസോഷൻ എന്നീ കമ്പനികളാണ് ഇതിനു കാരണക്കാർ. പക്ഷേ ഒരു കമ്പനിയും ഉത്തരവാദിത്വം ഏൽക്കാതെ പരസ്പരം പഴിചാരുകയാണ്. ഒബാമ ഭരണകൂടത്തിന്റെ പ്രതിഛായക്ക് സംഭവം നന്നായി മങ്ങലേൽപ്പിച്ചിട്ടുണ്ട്. പ്രോജക്ടിന് പിന്നിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് കിട്ടിയിട്ടും അതൊന്നും വകവെക്കാതെ ഊർജ പ്രതിസന്ധി പരിഹരിക്കാനെന്ന ന്യായം പറഞ്ഞ് ഒബാമ ഇതിന് അനുമതി നൽകുകയായിരുന്നു.

എണ്ണച്ചോർച്ച അമേരിക്കയിലെ ലൂസിയാനാ സംസ്ഥാനത്തിന്റെ മത്സ്യബന്ധനത്തെ കാര്യമായി ബാധിച്ചുകഴിഞ്ഞു. ഈ മേഖലയിൽ കരയിലും കടലിലുമുള്ള ജൈവ വൈവിധ്യങ്ങൾക്ക് ഇത് കടുത്ത ഭീഷണി ഉയർത്തുന്നു. കാറ്റിൽ എണ്ണപ്പാട മിസിസിപ്പിയുടെയും അൽബാമയുടെയും തീരങ്ങളിലേക്ക് നീങ്ങുന്നതായാണ് ഒടുവിലത്തെ റിപ്പോർട്ട്. 1989–ൽ അലാസ്ക തീരത്തുണ്ടായ എണ്ണച്ചോർച്ചയേക്കാൾ മാരകമായിരിക്കും ഇതെന്നാണ് സൂചനകൾ. ■

# താലിബാന് ഫണ്ട് നൽകുന്നത് അമേരിക്കയെന്ന് അഫ്ഗാൻ പ്രമുഖർ

**അഫ്ഗാനിസ്താനിൽ** അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യ സേന താലിബാനികളോട് ഘോര ഘോരം യുദ്ധം ചെയ്യുന്നു എന്നാണല്ലോ നമ്മുടെയൊക്കെ ധാരണ. ഇത് പ്രത്യക്ഷത്തിൽ ശരിയുമാണ്. പക്ഷേ, അമേരിക്ക അതിനിടക്ക് വേറൊരു കള്ളക്കളിയും കളിക്കുന്നുണ്ട്. ഇതേ താലിബാന് ഫണ്ട് നൽകുന്നതും അമേരിക്ക തന്നെ! ഡാനിയേല പെലഡ് (Daniella Peled) എന്ന പത്രപ്രവർത്തക *ഗാർഡിയൻ* പത്രത്തിൽ (2010 മെയ് 25) എഴുതിയ ലേഖനത്തിലാണ് ഈ വെളിപ്പെടുത്തൽ. അഫ്ഗാനിലെ ബുദ്ധിജീവികളും ഉയർന്ന ഉദ്യോഗസ്ഥരും പൊതുപ്രവർത്തകരുമെല്ലാം, അമേരിക്ക സഹായിക്കാതെ താലിബാന് പിടിച്ചുനിൽക്കാനാവില്ല എന്ന ഉറച്ച വിശ്വാസക്കാരാണ്. താലിബാൻ പ്രേമം കൊണ്ടൊന്നുമല്ല അമേരിക്ക ഇത് ചെയ്യുന്നത്. അമേരിക്കൻ സൈന്യത്തിന് അഫ്ഗാനിൽ കുറെക്കാലം തുടരണമെങ്കിൽ താലിബാന്റെ പോരാട്ട ശേഷി നിലനിന്നേ മതിയാവൂ. താലിബാന്റെ പേര് പറഞ്ഞാണല്ലോ അമേരിക്ക വന്നതും കുടിയിരിപ്പ് തുടങ്ങിയതും.



വളരെ തന്ത്രപ്രധാനമായ മേഖലയിലാണ് അഫ്ഗാനിസ്താന്റെ കിടപ്പ്. അമേരിക്കക്ക് പല നിലക്ക് ഭീഷണി ഉയർത്തിയേക്കാവുന്ന ചൈന, റഷ്യ, ഇന്ത്യ, പാകിസ്താൻ തുടങ്ങിയ രാജ്യങ്ങളെയൊക്കെ ചൊൽപടിക്ക് നിർത്താൻ അഫ്ഗാൻ കൈപിടിയിൽ നിന്നേ മതിയാവൂ. ഒപ്പം മധ്യേഷ്യൻ രാജ്യങ്ങളെ വിരട്ടുകയും ചെയ്യാം. പേര് വെളിപ്പെടുത്താത്ത ഒരു അഫ്ഗാൻ രാഷ്ട്രീയ നിരീക്ഷകൻ പറഞ്ഞത് ഇങ്ങനെ: "ഇസ്രയേലിനെ ഉപയോഗിച്ചാണല്ലോ അമേരിക്ക അറബ് രാജ്യങ്ങളെ വിരട്ടുന്നത്. അതേ റോളിൽ തന്നെയാണ് അമേരിക്ക അഫ്ഗാനിസ്താനെയും കണ്ടിരിക്കുന്നത്. ഏഷ്യയിൽ ആർക്ക് ആധിപത്യമുണ്ടോ അവർക്കായിരിക്കും ഭാവിയിൽ ലോകത്തിന്റെ ആധിപത്യവുമെന്ന് അമേരിക്ക തിരിച്ചറിഞ്ഞിരിക്കുന്നു."

അഫ്ഗാനിൽ സർവസന്നാഹങ്ങളുമായി പതിനയ്യായിരം അമേരിക്കൻ സൈനികരുണ്ട്. താലിബാൻ പോരാളികൾ പഴഞ്ചൻ ആയുധങ്ങളുമായി രണ്ടായിരമോ മറ്റോ കാണും. ഇത്രകാലം പോരാടിയിട്ടും ഇവരെ തുരത്താൻ അമേരിക്കക്ക് കഴിഞ്ഞില്ലെന്നോ? ഇതാണ് അഫ്ഗാനിലെ പൗരപ്രമുഖർ ഉന്നയിക്കുന്ന മറ്റൊരു ചോദ്യം. താലിബാന് നിയന്ത്രണമുള്ള മദ്റസകൾക്ക് ഫണ്ട് നൽകുന്നതും അമേരിക്കയാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ചില താലിബാൻ കേന്ദ്രങ്ങളിൽനിന്ന് പിടിച്ചെടുത്ത ആയുധങ്ങൾ പരിശോധിച്ചപ്പോൾ, അമേരിക്ക അഫ്ഗാൻ സൈന്യത്തിന് വിതരണം ചെയ്ത അതേ ആയുധങ്ങൾ തന്നെ. ഇതും താലിബാനെ സംരക്ഷിക്കുന്നത് അമേരിക്കയാണെന്ന വാദത്തിന് പിൻബലമേകുന്നു. ■

# നൈൽനദീ തർക്കം പരിഹരിച്ചില്ലെങ്കിൽ....

**ഇനി** നടക്കുക ജലയുദ്ധങ്ങളായിരിക്കും എന്നൊരു പറച്ചിലുണ്ട്. ജലസ്രോതസ്സുകളുടെ ഉടമസ്ഥതയെ ചൊല്ലിയുള്ള തർക്കങ്ങളായിരിക്കും യുദ്ധത്തിലേക്ക് നയിക്കുക എന്നർഥം. ജലസ്രോതസ്സുകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പ് കണ്ടാൽ ഈ പറച്ചിലിൽ അത്യുക്തിയുണ്ടെന്ന് കരുതാനാവില്ല. 2009-ൽ ഇസ്തംബൂളിൽ ചേർന്ന അന്താരാഷ്ട്ര ജലവിഭവ കോൺഫറൻസിൽ സമർപ്പിക്കപ്പെട്ട കണക്ക് പ്രകാരം, ലോകത്തെ പ്രധാനപ്പെട്ട 260 ജലസ്രോതസ്സുകൾ ഒന്നോ അതിലധികമോ രാഷ്ട്രങ്ങൾ പങ്കുവെക്കുന്നവയാണ്. ഭൂഗർഭജലവും ഇതുപോലെത്തന്നെ. യൂറോപ്പിലെ ഡാന്യൂബ് നദിയിലെ ജലം 14 രാഷ്ട്രങ്ങളാണ് പങ്കുവെക്കുന്നത്. തെക്കെ അമേരിക്കയിലെ ആമസോൺ നദി 9 രാഷ്ട്രങ്ങളും യൂഫ്രട്ടീസ് -ടൈഗ്രീസ് നദികൾ മൂന്ന് രാഷ്ട്രങ്ങളും ഭാഗിച്ചെടുക്കുന്നു.



പങ്കുവെക്കുന്ന രാഷ്ട്രങ്ങൾ തമ്മിൽ ഒത്തൊരുമയില്ലെങ്കിൽ അതുതന്നെ മതി കലഹത്തിനും വക്കാണത്തിനും. അത്തരമൊരു പ്രതിസന്ധി രൂപപ്പെട്ടിരിക്കുകയാണ് നൈൽ നദീജലം പങ്കുവെക്കുന്ന ആഫ്രിക്കയിലെ രാഷ്ട്രങ്ങൾ തമ്മിൽ. ഉഗാണ്ട, എത്യോപ്യ, ഡെമോക്രാറ്റിക് കോംഗോ, ബറുൻദി, ടാൻസാനിയ, റുവാണ്ട, കെനിയ എന്നീ രാഷ്ട്രങ്ങളിലൂടെ ഒഴുകിയാണ് നൈൽ സുഡാനിലും ഈജിപ്തിലുമെത്തുന്നത്. ഈജിപ്തും സുഡാനും കണക്കിലധികം വെള്ളം ഉപയോഗിക്കുന്നു എന്ന ആക്ഷേപം ഇതര രാഷ്ട്രങ്ങൾക്ക് മുമ്പേയുണ്ട്. 1929-ൽ ഈജിപ്ത് കൊളോണിയൽ ഭരണത്തിലായിരുന്ന സന്ദർഭത്തിൽ ഉണ്ടാക്കിയ കരാറിന്റെ പിൻബലത്തിലാണ് ഈജിപ്ത് കൂടുതൽ വെള്ളമെടുക്കുന്നത്. 1959-ൽ ഈജിപ്ത് സുഡാനുമായുണ്ടാക്കിയ കരാറും ഏതാണ്ട് ഇതേ സ്വഭാവത്തിലുള്ളതാണ്. കരാർ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന ഏഴ് ഇതര രാഷ്ട്രങ്ങളുടെ ആവശ്യം ഈജിപ്ത് നിരന്തരം നിരാകരിച്ചതിനെത്തുടർന്ന് ആ രണ്ട് കരാറുകളെയും തള്ളിക്കളഞ്ഞുകൊണ്ട് അവർ കഴിഞ്ഞ മെയ് 15-ന് പുതിയൊരു കരാറിൽ ഒപ്പുവെച്ചിരിക്കുകയാണ്. 2010 ഏപ്രിലിൽ ഈജിപ്തും സുഡാനുമായുള്ള ചർച്ച അലസിയതിനെത്തുടർന്നാണ് പുതിയ കരാർ.

പുതിയ കരാർ ഈജിപ്തും സുഡാനും അംഗീകരിക്കില്ലെന്നതിനാൽ മേഖല സംഘർഷഭരിതമാവുമെന്ന് ഉറപ്പ്. നിരവധി അണക്കെട്ട് പ്രോജക്ടുകൾ ഏഴു രാഷ്ട്രങ്ങളും ആസൂത്രണം ചെയ്യുന്നുണ്ടെന്നതിനാൽ വിശേഷിച്ചും. ഈജിപ്തിന്റെ കടുംപിടുത്തമാണ് പ്രശ്നം വഷളാക്കിയതെന്നാണ് പൊതുനിഗമനം. കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന ഏഴു രാഷ്ട്രങ്ങളുടെയും കാർഷിക വികസനത്തിന് നൈൽനദി പ്രോജക്ടുകളല്ലാതെ വേറെ വഴിയില്ല. അതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള അയവുള്ളതും സുതാര്യവുമായ സമീപനം ഈജിപ്ത് സ്വീകരിക്കേണ്ടിയിരുന്നുവെന്നാണ് പ്രമുഖ ഈജിപ്ഷ്യൻ പത്രപ്രവർത്തകൻ ഫഹ്മീ ഹുവൈദിയുടെ അഭിപ്രായം. അമേരിക്കയും ഇസ്രയേലും യൂറോപ്യൻ രാഷ്ട്രങ്ങളും ഇറങ്ങിക്കളിക്കുന്ന ആഫ്രിക്കയിൽ ഈ തർക്കവും അവർ മുതലെടുക്കുമെന്ന കാര്യത്തിൽ ആർക്കും വേണ്ട സംശയം. ■